# Malayala Manorama
# 30 August 2018
# Coming Back, Munnar/ Alappuzha After Flood



# മടങ്ങി വരവ്

## മൂന്നാറും ആലപ്പുഴയും സാധാരണനിലയിലേക്ക്

റോഡുകൾ തകർന്നും വൈദ്യുതി-ടെലിഫോൺ ബന്ധം മുറിഞ്ഞും രണ്ടാഴ്ചയോളം ഒറ്റപ്പെട്ട അവസ്ഥയിൽ നിന്നു മൂന്നാർ സാധാരണ നിലയിലേക്കെത്തുന്നു.ആലപ്പുഴയിലും സ്ഥിതി പ്രതീക്ഷാവഹമാണ്. പമ്പാതടത്തിൽ ജീവിതം പ്രളയത്തിനു മുൻപുള്ള സ്ഥിതിയിലേക്ക് എത്തുകയാണ്. നദിയിൽ ജലനിരപ്പു താഴ്ന്നു. റോഡുകളിലെ വെള്ളക്കെട്ടു നീങ്ങി.

### വിനോദസഞ്ചാര നിരോധനം തുടരുന്നു

മൂന്നാറിൽ വിനോദസഞ്ചാരികൾക്കുള്ള നിരോധനം തുടരുന്നു. രാജമല അടച്ചിട്ടിരിക്കുകയാണ്. മറയൂർ, വട്ടവട, ഇരവികുളം ദേശീയോദ്യാനം എന്നിവിടങ്ങളിൽ പൂത്ത നീലക്കുറിഞ്ഞികൾ കനത്ത മഴയിൽ അഴുകിയെങ്കിലും വെയിൽ പരന്നതോടെ കൂടുതൽ പ്രദേശങ്ങളിൽ പൂക്കുമെന്ന് വൈൽഡ് ലൈഫ് വാർഡൻ ആർ. ലക്ഷ്മി പറഞ്ഞു.

കൊച്ചി - ധനുഷ്കോടി ദേശീയപാതയിൽ നേര്യമംഗലം മുതൽ ദേവികുളം വരെ പലയിടങ്ങളിലും റോഡുകൾ തകർന്നിട്ടുണ്ട്. അടിമാലി-മൂന്നാർ റൂട്ടിൽ നിലവിൽ ചെറിയ വാഹനങ്ങൾ മാത്രമേ കടന്നു പോകുന്നുള്ളൂ. അതേസമയം അടിമാലിയിൽ നിന്ന് ആനച്ചാൽ വഴി മൂന്നാറിൽ എത്താം.

നൂറ്റാണ്ടുകൾ പഴക്കമുള്ള മൂന്നു പാലങ്ങളാണ് തകർന്നത്. മുതിരപ്പുഴയാറിൽ പഴയ മൂന്നാറിലെ രണ്ടു പാലങ്ങൾ, ആറ്റുകാട് വെള്ളച്ചാട്ടത്തിനു സമീപമുള്ള പാലം എന്നിവയാണു തകർന്നത്.

മൂന്നാറിനെയും മറയൂരിനെയും ബന്ധിപ്പിക്കുന്ന പെരിയവരൈ പാലം തകർന്നു കിടക്കുകയാണ്. സമാന്തരമായി കന്നിയാറിൽ താൽക്കാലിക പാലം 10 ദിവസത്തിനകം തീർക്കും. മരാമത്തു വകുപ്പ് പണി തുടങ്ങിയിട്ടുണ്ട്.

ഉരുൾപൊട്ടി രണ്ട് കെട്ടിടങ്ങൾ തകർന്നതിനാൽ മൂന്നാർ ഗവ. ആർട്സ് കോളജ് തുറക്കാൻ കഴിയില്ല. മറ്റെവിടെയെങ്കിലും സ്ഥലം കണ്ടെത്തി ഒരാഴ്ചക്കുള്ളിൽ പ്രവർത്തനം പുനരാരംഭിക്കാനാണ് ആലോചന.

കുട്ടനാട്ടിലെ മഹാശുചീകരണ യജ്ഞത്തിന്റെ ഭാഗമായി നീരേറ്റുപുറത്ത് ശുചീകരണത്തിൽ ഏർപ്പെട്ടിരിക്കുന്നവർ.

## ആലപ്പുഴയിൽ ശുദ്ധജലദൗർലഭ്യം

**മനോരമ ലേഖകൻ**

ആലപ്പുഴയിൽ മിക്ക ദുരിതാശ്വാസ ക്യാംപുകളും അടച്ചതോടെ ജനം വീടുകളിലെത്തി.ഭക്ഷണ സാധനങ്ങൾക്കു ദൗർലഭ്യമില്ല. എന്നാൽ, ശുദ്ധജലം പലയിടത്തും കിട്ടുന്നില്ല.

കുട്ടനാട്ടിലും എടത്വ മേഖലയിലും കുറച്ചു സ്ഥലങ്ങളിൽ ഇപ്പോഴും വെള്ളക്കെട്ടുണ്ട്. പാടശേഖരങ്ങളിൽനിന്നു പമ്പിങ് സാധിക്കാത്തതാണു കാരണം. വെള്ളം ഇറങ്ങിയ സ്ഥലങ്ങളിലെ വീടുകളുടെ ബലക്ഷയം പ്രശ്നമാണ്.മണ്ണിന്റെ ഉറപ്പു കുറഞ്ഞതാണു കാരണം. പലവീടുകളും വിണ്ടു കീറിയിട്ടുണ്ട്.

പലയിടത്തും വൈദ്യുതിയെത്തി. ബസ് സർവീസുകൾ പുനരാരംഭിച്ചു. കുട്ടനാട്ടിൽ മഹാശുചീകരണ യജ്ഞം ഇന്നലെയും സജീവമായിരുന്നു. ആലപ്പുഴ-ചങ്ങനാശേരി റോഡിലെ വലിയ വെള്ളക്കെട്ടു നീങ്ങി ഗതാഗതം ഏതാണ്ട് പഴയ നിലയിലായി. ഏതാനും സ്ഥലങ്ങളിൽ ഇപ്പോഴും ഒരടിയിൽ താഴെ വെള്ളമുണ്ട്. അപ്പർ കുട്ടനാട് മേഖലയിലും വെള്ളം കുറഞ്ഞിട്ടുണ്ട്. പല വീടുകൾക്കും ബലക്ഷയമുണ്ട്.

ചെങ്ങന്നൂർ താലൂക്കിൽ 37 ക്യാംപുകൾ തുടരുന്നു. 2,800 പേർ ക്യാംപുകളിലുണ്ട്.

കിണറുകളുടെ ശുചീകരണമാണു വെല്ലുവിളി. ചിലയിടങ്ങളിൽ ജലനിരപ്പ് താഴാൻ കാത്തിരിപ്പാണ്. 60 സ്കൂളുകൾ ഇന്നലെ തുറന്നപ്പോൾ 34 എണ്ണം അടഞ്ഞുകിടന്നു.

പ്രധാന റോഡുകളിലെല്ലാം ഗതാഗതം പുനരാരംഭിച്ചിട്ടുണ്ട്.

മൂന്നാർ ഗവ. കോളജിന് സമീപം മലയിടിച്ചിൽ ഉണ്ടായപ്പോൾ ഒറ്റ വരിയായി പോകുന്ന വാഹനങ്ങൾ